Statement by Hon'ble Leader of Opposition

Uncorrected/Not for publication
19-09-2025

**പ്രസ്താവന**

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ രണ്ട് എം.എൽ.എ.-മാർ ചൊവ്വാഴ്ച മുതൽ ഇന്നുവരെ 4 ദിവസമായി സത്യാഗ്രഹസമരം അനുഷ്ഠിക്കുകയാണ്. കുന്നംകുളത്തെ കസ്റ്റഡി മർദ്ദനത്തിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥരെ സർവീസിൽനിന്നും നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് രണ്ട് എം.എൽ.എ.-മാർ ഈ സമരം നടത്തുന്നത്. സർക്കാർ ഇതുവരെ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാത്തതിൽ ഞങ്ങൾക്ക് അതിയായ, ശക്തിയായ പ്രതിഷേധമുണ്ട്. ഈ പ്രതിഷേധം ഞങ്ങൾ സഭയിൽ പ്രകടിപ്പിക്കുകയും ഞങ്ങളുടെ പ്രതിഷേധത്തിന്റെ ഭാഗമായി ഞങ്ങൾ ഇന്ന് സഭാനടപടികൾ ബഹിഷ്കരിക്കുകകയും ചെയ്യുന്നു.

(കുന്നംകുളത്തെ കസ്റ്റഡി മർദ്ദനത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽനിന്നും നീക്കം ചെയ്യണമെന്ന ആവശ്യത്തിന്മേൽ സർക്കാർ തീരുമാനമെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭാ നടപടികൾ ബഹിഷ്കരിച്ചു.)